# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1248 — 13/07/2016-ൽ മറുപടിക്ക്

## പി.എസ്.സി. നിയമനങ്ങൾ

**ചോദ്യം**
ശ്രീ.പി.കെ.ശശി

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അവസാന വർഷം അപ്രഖ്യാപിത നിയമന നിരോധനം നടപ്പാക്കിയതു മൂലം പല സർക്കാർ വകുപ്പുകളും പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ റാങ്കുകളുടെ കാലാവധി എത്ര തവണ നീട്ടുകയുണ്ടായി എന്നും വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 11 തവണ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുകയുണ്ടായി. |
| (ബി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഏതെല്ലാം വകുപ്പുകൾ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്കു നാളിതുവരെ റിപ്പോർട്ടു ചെയ്തു എന്നും ഏറ്റവും കൂടുതൽ ഒഴിവുകളുണ്ടായിരുന്നത് ഏതെല്ലാം വകുപ്പുകളിലാണെന്നും അതിൽ എത്ര പേർക്ക് നിയമനം നൽകി എന്നും വ്യക്തമാക്കുമോ; | (സി) | 25.05.2016 മുതൽ 30.06.2016 വരെയുള്ള കാലയളവിൽ 5645 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിൽ നിന്നുമാണ് ഏറ്റവുമധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്ത വകുപ്പുകളുടേയും നിയമനം നൽകിയതിന്റേയും വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | 2016 ജൂൺ മാസം അവസാനിക്കുന്ന എത്ര ലിസ്റ്റുകൾ നിലവിലുണ്ടെന്നും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കാരണത്താൽ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്നത് തടയുവാനും വകുപ്പ മേധാവികൾ യഥാസമയം ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ? | (ഡി) | സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2016 ജൂൺ 30-ന് കാലാവധി അവസാനിക്കേണ്ടിയിരുന്നതും 4 1/2 വർഷം പൂർത്തിയായിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31.12.2016 വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**